LIBRARY ARCHIVES Kerala Legislative Assembly

പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ.ക്കെതിരെയുള്ള ആക്രമണം

208 (212) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. രാജനെ മണൽമാഫിയ സംഘം ആക്രമിച്ച കേസിൽ പ്രതികളെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ; എത്ര പ്രതികളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) മണൽ മാഫിയയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന എസ്.ഐ.-യ്ക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) മണൽ മാഫിയയെ നേരിടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പരിയാരം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. രാജനെ മണൽ കടത്ത് സംഘം ആക്രമിച്ച കേസിൽ (പരിയാരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 531/15) സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതികളുടെ കോൾ ഡീറ്റയിൽസ് പരിശോധിച്ചും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും അന്വേഷണം നടത്തുകയും തിരിച്ചറിഞ്ഞ പ്രതികളുടെ വീടുകളിൽ പരിശോധന നടത്തിയും പ്രതികൾ പോകാനിടയുള്ള ബന്ധുക്കളുടെ വീടുകളിലും മറ്റും അന്വേഷണം നടത്തിയും പ്രതികളെ കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേസിൽ ആകെ 11 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തു. പ്രതികളുടെ പേരുവിവരം താഴെ ചേർക്കുന്നു: (1) എം. വി. ലത്തീഫ്, S/o. അഹമ്മദ്, (2) റാഷിദ് ടി. കെ @ തേൾ റാഷിദ്, S/o. ഹംസ, (3) അബ്ദുൾ ഷുക്കൂർ കെ., S/o. മുഹമ്മദ് കുഞ്ഞി, (4) സജ്ജാദ് എ. സി., S/o. ലത്തീഫ് (5) ആരിഫ് വി. വി, S/o. അബ്ദു (6) മുഹാസ് സി. ടി., S/o. മുസ്തഫ, (7) സജീർ പി. സി., S/o. മുഹമ്മദ്, മറ്റ് കണ്ടാലറിയാവുന്ന നാല് പേരും. മേൽ പ്രതികളിൽ ഒന്നാം പ്രതി സംഭവത്തിനു ശേഷം ഒളിവിലാണ്. മറ്റ് ആറ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നാലുപേരെ തിരിച്ചറിയാനുണ്ട്.

(ബി) ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന ഗ്രേഡ് എസ്.ഐ. ശ്രീ. കെ. എം. രാജന് കേരള പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്നും മൂന്ന് ലക്ഷം രൂപയുള്ള ഡ്രാഫ്റ്റ് കൈമാറിയിട്ടുണ്ട്.

(സി) മണൽ കടത്തുകാരെ നേരിടുന്നതിന് സബ് ഡിവിഷൻ പരിധിയിലെ അനധികൃത മണൽ കടത്തുന്ന കടവുകളിൽ രാത്രികാലങ്ങളിൽ പരിശോധന കർശനമായി നടത്തിവരുന്നു. കൂടാതെ വാഹന പരിശോധനയും നടത്തിവരുന്നു.